# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ശ്രീ. പി.ആർ. സജികുമാർ)

വിഷയം : തസ്വഭവ – എഞ്ചിനീയറിംഗ് വിഭാഗം – ജീവനക്കാര്യം – ഓഫീസ് അറ്റൻഡന്റ്മാർക്ക് ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം : 1) ജി.ഒ(ആർ.റ്റി)നം. 52/2014/തസ്വഭവ തീയതി 04.01.2014
2) ജി.ഒ(ആർ.റ്റി)നം. 702/15/തസ്വഭവ തീയതി 11.03.2015
3) സ.ഉ(കൈ)നം. 132/2017/തസ്വഭവ തീയതി 07.07.2017
4) സ.ഉ(കൈ)നം. 181/2017/തസ്വഭവ തീയതി 14.09.2017
5) സ.ഉ(പി)നം. 1/2014/ഉ.ഭ.പ.വ തീയതി 03.01.2014
6) സ.ഉ(പി)നം. 21/2014/ഉ.ഭ.പ.വ തീയതി 19.07.2014
7) ഈ ഓഫീസിലെ 23.05.2014-ലെ ഇ22(മിനിസ്റ്റീ)10003/2013/സിഇ/തസ്വഭവ നമ്പർ അന്തിമ മുൻഗണനാപ്പട്ടിക
8) ഈ ഓഫീസിലെ 03.05.2018-ലെ ഇ22(മിനിസ്റ്റീ)10003/2013/സിഇ/തസ്വഭവ നമ്പർ അന്തിമ മുൻഗണനാപ്പട്ടിക
9) സ.ഉ(പി) നം. 7/2016/ഫിൻ തീയതി 20.01.2016

## ഉത്തരവ് നം . എ1-5300/2014/സിഇ/തസ്വഭവ തീയതി 24.09.2018

ഈ വകുപ്പിലെ ക്ലർക്ക് തസ്തികയിൽ നിലവിൽ വരുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേയ്ക്ക്, ഈ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകുന്നതിന് പരാമർശം (5), (6) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

പരാമർശം (5), (6)-ൽ പ്രതിപാദിച്ചിരിക്കുന്ന സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിവിധ ജില്ലകളിൽ പരാമർശം (7), (8)-ലെ അന്തിമ മുൻഗണനാപ്പട്ടികയിൽ പേരുചേർത്തിട്ടുള്ള ഓഫീസ് അറ്റൻഡന്റ്മാർക്ക് 19000-43600 ശമ്പള സ്കെയിലിൽ ക്ലർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി അവരവരുടെ പേരിന് നേർക്ക് രേഖപ്പെടുത്തിയിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേരും നിലവിൽ ജോലി ചെയ്യുന്ന കാര്യാലയവും | നിയമനം നൽകുന്ന കാര്യാലയം |
|---|---|---|
| 1 | സുനിൽ കുമാർ. എസ്<br>എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>തസ്വഭവ ഡിവിഷൻ, കൊല്ലം | അസി. എഞ്ചിനീയറുടെ കാര്യാലയം<br>കരവാളൂർ ഗ്രാമപഞ്ചായത്ത്<br>അഞ്ചൽ ബ്ലോക്ക്പഞ്ചായത്ത്, കൊല്ലം |
| 2 | ആരിഫാ ബീവി. സി.എ<br>അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത്<br>പത്തനംതിട്ട | അസി. എഞ്ചിനീയറുടെ കാര്യാലയം<br>മല്ലപ്പള്ളി / ആനിക്കാട് ഗ്രാമപഞ്ചായത്ത്<br>മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത്<br>പത്തനംതിട്ട |
| 3 | വിദ്യ. വി.ആർ<br>അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>മാടപ്പള്ളി ബ്ലോക്ക്പഞ്ചായത്ത്<br>കോട്ടയം | അസി. എഞ്ചിനീയറുടെ കാര്യാലയം<br>കടനാട് / ഭരണങ്ങാനം ഗ്രാമപഞ്ചായത്ത്<br>ളാലം ബ്ലോക്ക്പഞ്ചായത്ത്<br>കോട്ടയം |

| | | |
|---|---|---|
| 4 | സിനി. എം.ആർ<br>അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>മതിലകം ബ്ലോക്ക്പഞ്ചായത്ത്<br>തൃശ്ശൂർ | അസി. എഞ്ചിനീയറുടെ കാര്യാലയം<br>മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്<br>പുഴയ്ക്കൽ ബ്ലോക്ക്പഞ്ചായത്ത്<br>തൃശ്ശൂർ |
| 5 | എം.സി ഗംഗാധരൻ<br>അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>പാലക്കാട് ബ്ലോക്ക്പഞ്ചായത്ത്<br>പാലക്കാട് | അസി. എഞ്ചിനീയറുടെ കാര്യാലയം<br>മണ്ണാർക്കാട് മുനിസിപ്പാലിറ്റി<br>പാലക്കാട് |
| 6 | വിനീത്. വി.കെ<br>അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയം<br>പേരാമ്പ്ര ബ്ലോക്ക്പഞ്ചായത്ത്<br>കോഴിക്കോട് | അസി. എഞ്ചിനീയറുടെ കാര്യാലയം<br>നരിക്കുനി ഗ്രാമപഞ്ചായത്ത്<br>ചേളന്നൂർ ബ്ലോക്ക്പഞ്ചായത്ത്<br>കോഴിക്കോട് |

ഇപ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഈ ഉത്തരവ് കൈപ്പറ്റി ഉടനടി ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതും, ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുന്നോടിയായി, ടി ജീവനക്കാർ എസ്.എസ്.എൽ.സി-യോ തത്തുല്യ യോഗ്യതാപരീക്ഷയോ വിജയിച്ചിട്ടുണ്ടോ എന്നും, പൂർവ്വ തസ്തികയിൽ മൂന്ന് വർഷ സേവനകാലയളവ് പൂർത്തീകരിച്ചിട്ടുണ്ടോ എന്നും സേവനപുസ്തകം പരിശോധിച്ച് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്. ജോലിയിൽ പ്രവേശിക്കാത്തവരെയും, നിശ്ചിത യോഗ്യതയില്ലാത്തവരുടെയും വിവരം ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. സ്ഥാനക്കയറ്റം ലഭിച്ച് പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷകാലയളവിനുള്ളിൽ രണ്ട് വർഷം പ്രൊബേഷൻ കാലയളവായിരിക്കുന്നതാണ്.

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ / ഓഫീസ് മേധാവികൾ ടി ജീവനക്കാരെ വിടുതൽ ചെയ്തും, നിയമിക്കപ്പെട്ട ഓഫീസുകളിൽ നിയമനം നൽകിയും വിവരം യഥാകാലം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

വ്യക്തികൾക്ക്

പകർപ്പ് :
1) ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
2) എക്സി. എഞ്ചിനീയർ, ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത്
3) അസി. എക്സി. എഞ്ചിനീയർ, ബന്ധപ്പെട്ട ബ്ലോക്ക്പഞ്ചായത്ത്
4) സീനിയോരിറ്റി സെൽ, ചീഫ് എഞ്ചിനീയറുടെ ഓഫീസ്
5) എ2 സെക്ഷൻ / കരുതൽ ഫയൽ

അംഗീകാരത്തോടെ,

**സീനിയർ സൂപ്രണ്ട്**
(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല)

P 1232